**എ.ഇ.ഒ. മുതൽ ഡി.പി.ഐ.വരെയുള്ളവർ ആഴ്ചയിലൊരിക്കൽ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ പങ്കെടുക്കും**

എ.ഇ.ഒ. മുതൽ ഡി.പി.ഐ. തലം വരെയുള്ള ഉദ്യോഗസ്ഥർ ഇനി ആഴ്ചയിലൊരിക്കൽ സ്കൂളുകൾ സന്ദർശിച്ച് ഉച്ചഭക്ഷണ പരിപാടിയുടെ ഗുണമേന്മയും ശുചിത്വവും ഉറപ്പുവരുത്തുന്നതും കുട്ടികൾക്കൊപ്പം ഉച്ചഭക്ഷണം കഴിക്കുന്നതുമായിരിക്കും.

ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ, എ.ഇ.ഒ., ഡി.ഇ.ഒ., ഡെപ്യൂട്ടി ഡയറക്ടർ തലത്തിലുള്ള എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നല്കി. മുന്നറിയിപ്പ് നൽകാതെയായിരിക്കും സന്ദർശനം. സ്കൂൾ സന്ദർശിക്കാനെത്തുന്ന ഉദ്യോഗസ്ഥർ പാചകപ്പുര, കലവറ, ഡൈനിംഗ് ഹാൾ, ജലസംഭരണി, മാലിന്യ നിർമ്മാർജ്ജന സംവിധാനം, പരിസരം, പാചകത്തൊഴിലാളികളുടെ ശുചിത്വം എന്നിവ പരിശോധിക്കേണ്ടതും ഇൻസ്പെക്ഷൻ ഡയറിയിൽ രേഖപ്പെടുത്തേണ്ടതും വീഴ്ചകൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ജില്ലയിൽ ഓരോ മാസവും നടത്തുന്ന പരിശോധനകളുടെ റിപ്പോർട്ട് ക്രോഡീകരിച്ച് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ അടുത്ത മാസം 10-ാം തീയതിക്കുമുമ്പായി ഡി.പി.ഐ. യ്ക്ക് സമർപ്പിക്കേണ്ടതുമാണ്. നിലവിൽ ന്യൂൺമീൽ ആഫീസർ, ന്യൂൺ ഫീഡിംഗ് സൂപ്പർവൈസർ എന്നിവർ നടത്തിവരുന്ന പരിശോധനക്ക് പുറമേയാണിത്.

സ്കൂളുകളിൽ ഓരോ ദിവസവും ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണം അതാത് ദിവസം ഉച്ചയ്ക്ക് രണ്ടു മണിക്കു മുമ്പായി ബന്ധപ്പെട്ട വെബ്സൈറ്റിൽ ചേർക്കേണ്ടതാണ്. സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് വിറകിന് പകരം പാചകവാതകം ഉപയോഗിക്കേണ്ടതാണ്. ഗ്യാസ് കണക്ഷനും, ഗ്യാസ് അടുപ്പുകൾക്കുമായി ഓരോ സ്കൂളിനും വിദ്യാഭ്യാസ വകുപ്പ് 5000/- രൂപ വീതം അനുവദിച്ചു.

ഉച്ചഭക്ഷണപരിപാടിയുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിന് മേഖല അടിസ്ഥാനത്തിൽ സർക്കാർ രണ്ട് കോ-ഓർഡിനേറ്റർമാരെ നിയമിച്ചു. ഓരോ സ്കൂളിലെയും പാചകം ചെയ്ത ഭക്ഷണത്തിന്റെ സാമ്പിൾ അംഗീകൃത ലാബുകളിൽ പരിശോധിച്ച് ഗുണമേന്മയും ശുചിത്വവും ഉറപ്പുവരുത്താൻ കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തി.

**K.V MOHANKUMAR, IAS**
Director of Public Instruction
Thiruvananthapuram, Kerala-695014